പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2729 — 20.03.2015ൽ മറുപടിയ്ക്ക്

## സ്കൂൾ കലോൽസവം, പ്രവൃത്തി പരിചയ, ശാസ്ത്രമേളകളിൽ അപ്പീലുകളുടെ വർദ്ധന

| ചോദ്യം<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | ഉത്തരം<br>ശ്രീ.പി.കെ..അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
|---|---|
| (എ) സംസ്ഥാന സ്കൂൾ കലോൽസവം, പ്രവൃത്തി പരിചയ, ശാസ്ത്രമേളകളിൽ അപ്പീലുകൾ വർദ്ധിക്കുന്നത് മൂലം സംഘാടകർക്ക് സമയ ക്രമമനുസരിച്ച് ആയവ നടത്താൻ കഴിയാത്ത അവസ്ഥ നിലനിൽക്കുന്നു വെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപ്പീലുകൾ ക്രമാതീതമായി വർദ്ധിക്കുന്നത് മൂലം സമയക്രമം പാലിക്കാൻ കഴിയാത്ത അവസ്ഥ നിലനിൽക്കുന്നുണ്ട്. |
| (ബി) ഹൈക്കോടതി, ജില്ലാ കോടതികൾ എന്നിവയ്ക്ക് പുറമെ ഈ വർഷം ലോകായുക്ത, ബാലാ വകാശ കമ്മീഷൻ എന്നിവ യുടെ ഉത്തരവുമായി അപ്പീലിന് മത്സരാർത്ഥികൾ വന്നിട്ടുണ്ടോ, വ്യക്തമാ ക്കാമോ; | (ബി) ഉണ്ട്. ഹൈക്കോടതി, ജില്ലാ കോടതികൾ എന്നിവയ്ക്ക് പുറമെ ലോകായുക്തയിൽ നിന്നും 160 അപ്പീലുകളും, ബാലാവകാശ കമ്മീഷനിൽ നിന്നും 127 അപ്പീലു കളുമായി സ്കൂൾ കലോൽസവത്തിന് മത്സരാർത്ഥികൾ വന്നിട്ടുണ്ടായിരുന്നു. എന്നാൽ പ്രവൃത്തി പരിചയ, ശാസ്ത്രമേളകളിൽ ബാലവകാശ കമ്മീഷന്റെ ഉത്തരവുമായി അപ്പീൽ ഒന്നും തന്നെ വന്നിരുന്നില്ല. |
| (സി) ഈ വർഷം പ്രസ്തുത കലോൽസവങ്ങളിലും, ശാസ്ത്രമേളകളിലും എത്ര അപ്പീലുകൾ സംസ്ഥാന തലത്തിൽ ഉണ്ടായിട്ടുണ്ട് എന്ന് വിശദമാക്കുമോ; | (സി) സ്കൂൾ കലോൽസവത്തിൽ 1446 അപ്പീലുകളും പ്രവൃത്തി പരിചയ, ശാസ്ത്രമേളകളിൽ 568 അപ്പീലുകളും സംസ്ഥാന തലത്തിൽ ഉണ്ടായിട്ടുണ്ട് |

സെക്ഷൻ ഓഫീസർ